പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

2019 നവംബർ 18, തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

# കെ.എസ്.ആർ.ടി.സി. സേവനകാലം പെൻഷന് പരിഗണിക്കുവാൻ നടപടി

ചോദ്യം : 5429
ശ്രീമതി. സി.കെ. ആശ

മറുപടി :
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിൽ നിന്നും വിട്ടുതൽ ചെയ്ത് പി.എസ്.സി. മുഖേന ഒരേ ശമ്പള സ്കെയിലും യോഗ്യതാ മാനദണ്ഡവുമുള്ള ലോവർ ഡിവിഷൻ ക്ലാർക്കായി സംസ്ഥാന സർവ്വീസിലുള്ള ജീവനക്കാരൻ റിട്ടയർ ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി. യിലെ സേവനകാലം പെൻഷൻ നിശ്ചയിക്കുന്നതിൽ പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ; | കെ.എസ്.ആർ ഭാഗം III, ചട്ടം 20-ന കീഴിലെ കുറിപ്പ്, 16.06.2018 തീയതിയിലെ സ.ഉ(അ) നം.93/2018/ധന നമ്പർ ഉത്തരവനുസരിച്ച് എസ്.ആർ.ഒ നം.415/2018 ആയി ടി ചട്ടത്തിൽ തന്നെ ഉൾപ്പെടുത്തുകയും ആയത് പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരിൻ കീഴിൽ ഒരു പ്രത്യേക നിയമം മൂലമോ, കമ്പനി നിയമം മൂലമോ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനങ്ങളിലേയോ, സ്വയംഭരണ സ്ഥാപനങ്ങളിലേയോ സേവനം സംസ്ഥാന സർക്കാർ സർവ്വീസിനോടൊപ്പം പെൻഷനുള്ള യോഗ്യ സേവന കാലമായി പരിഗണിക്കുവാൻ കഴിയില്ല. 15.03.1965-ലെ വിജ്ഞാപനം പ്രകാരം രൂപീകൃതമായ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. ആയതിനാൽ മേൽ ചട്ടപ്രകാരം കെ.എസ്.ആർ.ടി.സി-യിലെ സേവനകാലം സംസ്ഥാന സർക്കാർ സർവ്വീസിനോടൊപ്പം പെൻഷൻ നിശ്ചയിക്കുന്നതിൽ യോഗ്യ സേവന കാലമായി പരിഗണിക്കുവാൻ കഴിയില്ല. |
| (ബി) | ഇത് സംബന്ധിച്ച് കോടതി ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ? | WP(C)No.8863/2009, OA No.516/2017 എന്നീ കേസുകളിലെ വിധിന്യായങ്ങൾക്കെതിരെ കേരള സർക്കാർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WA 1291/2018 (State of Kerala V/s M.C. Grigory), OP(KAT)429/2018 (State of Kerala V/s D.John) എന്നിവ കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ